**പതിനാലാം കേരള നിയമസഭ**

**19-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1644** **10.03.2020-ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാർ വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പ്ലാൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, എം. നൗഷാദ്<br>,, കെ.ജെ. മാക്സി : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ചില കേസുകളിൽ കോടതി സ്വീകരിക്കുന്ന കർശന നിലപാടിന്റെ പശ്ചാത്തലത്തിൽ റാംസർ പട്ടികയിൽപ്പെട്ട വേമ്പനാട്ട് കായൽ ചതുപ്പിൽ സർക്കാർ ഭൂമി കൈയേറി തീരദേശപരിപാലന നിയമം ലംഘിച്ചുകൊണ്ട് നിർമ്മിച്ച കാപ്പിക്കോ റിസോർട്ട് പൊളിക്കണമെന്ന കോടതിയുത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (എ) നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) തീരദേശ ജില്ലകളിലെ കളക്ടർമാർ തീരത്ത് നിന്നും നൂറ് മീറ്ററിനുള്ളിലുള്ള കെട്ടിടങ്ങളുടെ കണക്കെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് പറയുന്നത് വർഷങ്ങളായി തീരത്ത് വസിക്കുന്നവർക്കിടയിൽ വ്യാപകമായ ആശങ്ക സൃഷ്ടിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ദൂര പരിധിയിൽ കുറവ് വരുത്തിക്കൊണ്ട് (സി) 2019 ജനുവരിയിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | 2019 ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ സ.ഉ (സാധാ) നം. 80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയായിട്ടില്ല. അടിയന്തിരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിയ്ക്ക് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**